(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും പൂർത്തിയായും നടപ്പിലാക്കിയിട്ടുമുള്ളതായ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ/ പദ്ധതികൾ പ്രകാരം ചേർക്കാമോ.

കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള തൊടുകുറി പദ്ധതി, നിറവ് പദ്ധതി, കേര കർഷകർക്ക് തെങ്ങുകയറ്റം വിശ്വസനീയമായ തൊഴിലാക്കുന്നതിനുള്ള ഉദ്യമം, വൈറ്റില മൊബിലിറ്റി ഹബ്ബ്, ട്രാൻസിറ്റിവില്ലാത്ത കേരള പദ്ധതി, കാരുണ്യ ഔഷധശാലകൾ, കാരുണ്യ പദ്ധതിയിലൂടെ ലഭിക്കുന്ന ചികിത്സാ സഹായത്തിന്റെ പരിധിയിൽ നിന്നുള്ള ഒഴിവാക്കൽ, ഇലക്ട്രോണിക്സ് മലയാള സർവ്വകലാശാല, സർക്കാരിന്റെ ഒരുപൊതുവും സമഗ്രവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം, പി.എസ്.സി. പരീക്ഷയ്ക്ക് ഓൺലൈൻ സംവിധാനം, 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തൊഴിൽരഹിതരായി തുടരുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയിലുള്ള പലിശ സബ്സിഡി, ഭൌതിക സൌകര്യപൂർത്തീകരണത്തിനായി മന്നം-മെമ്മോറിയൽ, പിന്നോക്ക പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാക്കി കമ്മിഷൻ ചെയ്യൽ, വിദ്യാർത്ഥി സൗഹൃദ പദ്ധതി, വിദ്യാർത്ഥിനികൾക്കുള്ള അധിക മൈലേജ് പദ്ധതി, 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 പൊതു സ്ഥലത്ത് സൗജന്യമായി കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കൽ, സിവിൽ സപ്ലൈസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ത്വരിതപ്പെടുത്തൽ പ്രോജക്ട്, സ്ത്രീ ശാക്തീകരണ ലക്ഷ്യത്തിനായുള്ളതായി കെ.എസ്.ആർ.ടി.സി 46 ബസ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഭവനം ഭാഗ്യപദ്ധതി, ഗോത്രസാരഥി തുടങ്ങിയ പദ്ധതികൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ നിർഭയ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിലായി 1522 കോടി രൂപയുടെ സമഗ്ര നഗരവികസന പദ്ധതികൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും പതിനാറാക്കൽ, ഇടമറ്റം കേരളത്തിന്റെ സ്പോർട്സ് പദ്ധതിയായ കൊച്ചി മെട്രോ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും പുരോഗമിച്ചു വരികയാണ്.

നിർമ്മാണ മേഖലയിലെ മാന്ദ്യം

13 (*343) ശ്രീ. കെ. കെ. രമചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദ്യാസാങ്കേതികവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ മാന്ദ്യം സാമ്പത്തിക മാന്ദ്യം അടക്കം ഏതൊക്കെ മേഖലകളിലും തരത്തിലും പ്രതിഫലനമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും മുഖ്യ പരിഗണന നൽകാത്തതാണ് ഈ മേഖലയിൽ പ്രതിസന്ധി രൂക്ഷമാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിദ്യാഭ്യാസവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) നിലവിലുണ്ട്. മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോബ്രിക്സ്, മെറ്റൽ ഇടങ്ങിയവയുടെ വിലവർദ്ധനവും കരിങ്കൽ ക്വാറികളിലെ ക്രമീകരണമുള്ള സമരവും നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടന്നിരുന്നു.

(സി) മണലിന്റെ ലഭ്യതക്കുറവ് മൂലം പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിമന്റുകമ്പനികളുടെ വിപണന വിഭാഗം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഇരുമ്പ് ഉരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിമന്റ് വിതരണം ചെയ്യുന്നുണ്ട്. അതാത് ജില്ലകളിലെ വിവിധ സ്രോതസ്സുകളിൽ നിന്നും സ്വാഭാവിക കാരണങ്ങളുണ്ടാകുന്നതിനാൽ നികത്താൻ കഴിയുന്നതിനേക്കാൾ അധികമായി മണൽ ലഭിയ്ക്കുന്നതിനാൽ പ്രായോഗിക പരിഹാരം കണ്ടെത്തുന്നതിനും അപ്രകാരം ലഭ്യമാകുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ താണതരിശുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും ജനപങ്കാളിത്തത്തോടെ വൃത്തിയാക്കി നിർമ്മാണ ആവശ്യങ്ങൾക്കായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സംരംഭകരുമായും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആശയങ്ങൾ സ്വീകരിക്കുന്നതിനായി Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ഭവനനിർമ്മാണം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ, ക്വാറി മേഖലയിലെ പ്രശ്നപരിഹാരത്തിനായും സിമന്റിന്റെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly